5

സഭ:

# അതിന്റെ സ്ഥാപനം (2)

**ആരോഹണം വരെ യോഹന്നാനിൽ നിന്നു കേട്ട രാജ്യം___________**

1. സഭയും രാജ്യവും ഒരേ സ്ഥാപനമാണോ (മത്താ. 16:18, 19)? കർത്താവിന്റെ മേശ എവിടെയായിരിക്കും (ലൂക്കൊ. 22:29, 30)? എന്നാൽ അതു കൊരിന്തിൽ എവിടെ ആയിരുന്നു (1 കൊരി. 11:18–22)?
2. രാജ്യം ആസന്നമായിരിക്കുന്നു എന്നു പ്രസംഗിച്ചത് ആർ (മത്താ. 3:1, 2)?
3. ക്രിസ്തു എവിടെയാണ് തന്റെ പ്രസംഗം ആരംഭിച്ചത് (മത്താ. 4:17)?
4. തങ്ങൾക്കു ലഭിച്ച പരിമിത ആജ്ഞയിൽ അപ്പൊസ്തലന്മാർ എങ്ങനെ പ്രസംഗിച്ചു (മത്താ. 10:7)?
5. എഴുപതുപേർ രാജ്യത്തെ കുറിച്ചു എന്താണ് പ്രസംഗിച്ചത് (ലൂക്കൊ. 10:9)?
6. എങ്ങനെ പ്രാർത്ഥിക്കുവാനാണ് ശിഷ്യന്മാരെ പഠിപ്പിച്ചത് (മത്താ. 6:10)?
7. അവസാനത്തെ അത്താഴത്തിൽ, യേശു രാജ്യത്തെ കുറിച്ചു പറഞ്ഞതെന്താണ് (ലൂക്കൊ. 22:18)?
8. മരിക്കുവാനിരുന്ന കള്ളന്റെ അവസാന ആഗ്രഹം എന്തായിരുന്നു (ലൂക്കൊ. 23:42)?
9. ആരോഹണത്തിനു മുൻപു, അതിന്റെ യഥാസ്ഥാനത്തിനുവേണ്ടി അപേക്ഷിച്ചത് ആർ (പ്രവൃത്തികൾ 1:6)? അതുകൊണ്ട്, ദൈവരാജ്യം, ഈ സമയത്തിനുമുൻപു സ്ഥാപിക്കപ്പെടുവാൻ സാധ്യതയുണ്ടോ?

ചുരുക്കം

ര ാ ജ ്യ ം മുൻപ്......................................വും............................പെന്തെക്കൊസ്തിനു ശേഷവും

"ആസന്നം" രാജ്യത്തിന്റെ ഭാഗമായി, വെളി. 1:6

"അടുത്തിരിക്കുന്നു" **പെന്തെക്കൊസ്തു** രാജ്യത്തിലാക്കിവെച്ചു,

കൊലൊ. 1:13, 14

| | |
|---|---|
| "വരുന്നു" | രാജ്യം അരുളിച്ചെയ്തു, പ്രവൃത്തികൾ 2:30 |
| "വരും" | ശക്തിയോടെ വന്നു, പ്രവൃത്തികൾ 2:1-4 |
| "നോക്കിയിരിക്കുന്നു" | 3000 പ്രജകൾ, പ്രവൃത്തികൾ 2:38, 41 |
| "പണിയും" | യെരുശലേമിൽ പണിതു, പ്രവൃത്തികൾ 2:47; 8:1; 11:22 |

**യേശുവും സഭയും __________________________________________**

**1. അവന്റെ "വാഗ്ദാന" ത്തിന്റെയും "നിറവേറലിന്റെയും" വാക്യ ങ്ങൾ വായിച്ചു താരതമ്യം ചെയ്യുക.**

**അവന്റെ വാഗ്ദാനം (മത്താ. 16:16-19).........വും......................നിറവേറലും (പ്രവൃത്തികൾ 2:14-41)**

| | | |
|---|---|---|
| 1–പണിയും | | 1–പണിതു - ഉറപ്പിച്ചു, 2:30, 47 |
| 2–പാറമേൽ - സത്യം | **പെന്തെക്കൊസ്തു** | 2–കർത്താവും ക്രിസ്തുവും, 2:36 |
| 3–താക്കോൽ പത്രൊസിനു | | 3–പത്രൊസ് താക്കോൽ ഉപയോഗിച്ചു, 2:36-41 |
| 4–പത്രൊസ് കെട്ടി | | 4–എല്ലാവരിലും കെട്ടുന്നതിനുള്ള നിബന്ധനകൾ, 2:36-41 |
| 5–പത്രൊസ് അഴിച്ചു | | 5–3000 അഴിക്കപ്പെട്ടു, 2:38, 41 |

**2. അപ്പോൾ എപ്പോഴാണ് സഭ സ്ഥാപിച്ചത് (പ്രവൃത്തികൾ 2:1)?**

**രാജ്യം ശക്തിയോടെ വരേണ്ടിയിരുന്നു__________________________**

**1. താഴെ കൊടുത്തിരിക്കുന്ന "പ്രവചന" പട്ടികയിലെ തരംതിരിവു നല്കുകയും, പ്രവൃത്തികളുടെ പുസ്തകത്തിലെ വാകൃങ്ങളിൽ നിന്നു അവ എങ്ങനെ നിറവേറി എന്നു തെളിയിക്കുക.**

**പ്രവചനം (മർക്കൊ. 9:1)............................വും.....................നിറവേറലും (പ്രവൃത്തികൾ 2:1--4)**

| | | |
|---|---|---|
| 1–ശക്തി വരുവാനിരിക്കുന്നു | | 1–ശക്തി വന്നു, 2:1-4 |
| 2–രാജ്യം ശക്തിയോടെ വരും | **പെന്തെക്കൊസ്തു** | 2–രാജ്യം ഉറപ്പിച്ചു, 2:30 |
| 3–ചിലർ അതു കാണുവോളം ജീവിക്കും | | 3–ചിലർ ജീവിച്ചിരുന്നു, 2:14 |
| 4–ചിലർ അതിനു മുൻപു മരിക്കും | | 4–യൂദാ മരിച്ചു, 1:16-18 |

**2. അപ്പോൾ സഭ എപ്പോൾ സ്ഥാപിച്ചു (പ്രവൃത്തികൾ 2:1)?**

**സഭയുടെ ആവിർഭാവത്തിനു അഞ്ചു ആവശ്യകതകൾ____________**

**1. സുവിശേഷത്തിന്റെ മൂന്നു അടിസ്ഥാന വസ്തുതകൾ: അവയുടെ പേർ പറയുക (1 കൊരി. 15:3, 4). ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലായി രുന്നുവെങ്കിൽ, അതിനെ തുടർന്നു**

**സംഭവിക്കാമായിരുന്ന ഏഴു ദുഷ്ടതകൾ (1 കൊരി. 15:13-19) പറയുക.**

2. **നാലാമത്തെ ആവശ്യകത: ഏതു നാമത്തിലാണ് മോചനം (ലൂക്കൊ. 24:47; പ്രവൃത്തികൾ 2:38)?**
3. **അഞ്ചാമത്തെ ആവശ്യകത: പരിശുദ്ധാത്മാവു എന്തു ചെയ്യും (യോഹ. 14:26; 16:8, 13)?**
   a. ഈ അഞ്ചു ആവശ്യകതകൾ എവിടെ തുടങ്ങണം (ലൂക്കൊ. 24:46, 47)?
   b. ഈ കാര്യങ്ങൾ അപ്പൊസ്തലന്മാർ എപ്പോഴായിരുന്നു അറിയിക്കേണ്ടത് (ലൂക്കൊ. 24:48, 49)?
      (1) ക്രിസ്തു ജീവനോടെ ഇരുന്നപ്പോൾ എന്തുകൊണ്ട് ഈ കാര്യങ്ങൾ അറിയിക്കുവാൻ കഴിഞ്ഞില്ല?
      അവ വസ്തുതകളായി സംഭവിച്ചിട്ടില്ല; ആദ്യം അവ വസ്തുതയായിത്തീരണം. കൂടാതെ, മരിച്ചവരിൽ നിന്നു അവൻ ഉയിർത്തെഴുന്നേല്ക്കുമെന്നു ശിഷ്യന്മാരിൽ ആരും വിശ്വസിച്ചിരുന്നില്ല - അവൻ അവർക്കു പ്രത്യക്ഷനാകുന്നതുവരെ. താഴെ കൊടുത്തിരിക്കുന്ന തെളിവുകൾ നോക്കുക:
      (2) ഉയിർത്തെഴുന്നേല്പ് വാർത്ത അപ്പൊസ്തലന്മാർ എങ്ങനെ അറിഞ്ഞു (മർക്കൊ. 16:11, 14)?
      (3) തോമസിനു ആ വാർത്ത ആദ്യം എങ്ങനെ ലഭിച്ചു (യോഹ. 20:24, 25)? അതുകൊണ്ട്, എപ്പോഴാണ്, സഭ സ്ഥാപിച്ചത്?
      മുൻപുപറഞ്ഞ അഞ്ചു ആവശ്യകതകൾ വസ്തുതകൾ ആയി തീർന്നപ്പോൾ അതു സ്ഥാപിച്ചു - വസ്തുതകൾ സ്ഥിരീകരിക്കപ്പെട്ടു.
   c. പത്രൊസിന്റെ ആദ്യ പ്രസംഗത്തിലെ അഞ്ചു ആവശ്യകതകൾ കാണുക (പ്രവൃത്തികൾ 2:4, 23, 24, 32, 33, 38). അപ്പോൾ, ഏതു ദിവസം ആയിരുന്നു സഭ സ്ഥാപിച്ചത് (പ്രവൃത്തികൾ 2:1)?

© 2009 Truth for Today